ഭരണഭാഷ - മാതൃഭാഷ

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

KSHB Building,ശാന്തിനഗർ, തിരുവനന്തപുരം-01

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടി ക്രമം

(നിലവിൽ : കെ.ബിജു, ഐ.എ.എസ്)

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം- റീവാംബിംഗിന്റെ ഭാഗമായി നിർത്തലാക്കിയിട്ടുള്ള ട്രേഡുകളിലെ വർക്ക്ഷോപ്പ് അറ്റൻഡർമാരെ പുനർവിന്യാസിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത്.

പരാമർശം: -1. 17977/സി1/07/തൊഴിൽ നമ്പരായ 11.09.2007-ലെ സർക്കാർ കത്ത്.
2. സ.ഉ(സാധാ) നം.1267/2015/തൊഴിൽ തീയതി 16.09.2015.
3. ട്രെയിനിംഗ് ഡയറക്ടറുടെ എ2/13569/16 നമ്പരായ 11.08.201-ലെ നടപടിക്രമം.

******

**ഉത്തരവ് നമ്പർ : എ6/13415/2015 തീയതി 18.08.2016**

നിർത്തലാക്കിയ ട്രേഡുകളിലെ വർക്ക്ഷോപ്പ് അറ്റന്റർമാരെ റീവാംബിംഗിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള ട്രേഡുകളിൽ യോഗ്യതയുടെയും പ്രവർത്തിപരിചയത്തിന്റേയും അടിസ്ഥാനത്തിൽ പുനർവിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

നിർത്തലാക്കിയ എം.ആർ.ടി.വി ട്രേഡിൽ നിലവിലുള്ള വർക്ക്ഷോപ്പ് അറ്റൻഡർമാരെ സംബന്ധിച്ചും ടി ട്രേഡിന് പകരം റീവാംബിന്റെ ഭാഗമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുള്ള ട്രേഡുകളെ സംബന്ധിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഐ.ടി.ഐ യുടെ പേര് | വർക്ക്ഷോപ്പ് അറ്റൻഡർമാരുടെ പേര് | യോഗ്യത | നിർത്തലാക്കിയ എം.ആർ.ടി.വി ട്രേഡിന് പകരം റീവാംബിംഗിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള ട്രേഡ് |
|---|---|---|---|---|
| 1 | ഐ.ടി.ഐ ആറ്റിങ്ങൽ | അജിത് സേവ്യർ വർഗ്ഗീസ് | SSLC, NTC(MRTV) | Technician Power Electronics System |
| 2 | ഐ.ടി.ഐ ചാക്ക | മാക്സ് വെൽ.ഡി.കെ | SSLC, NTC(MRTV) | Mechanic Consumer Electronics Appliance |

| | | | | |
|---|---|---|---|---|
| 3 | ഐ.ടി.ഐ ചാലക്കുടി | ലൗഷീന.കെ.കെ | SSLC, PDC NTC(MRTV) | Technician Power Electronics System |
| 4 | ഐ.ടി.ഐ ഏറ്റുമാനൂർ | ജി.ലാൽകുമാർ | SSLC, NTC(MRTV) | Technician Power Electronics System |
| 5 | ഐ.ടി.ഐ കോഴിക്കോട് | ജ്യോതിലാൽ.വി.കെ | Diploma in Electronic and Communication | Mechanic Consumer Electronics Appliance |
| 6 | ഐ.ടി.ഐ (വ) കഴക്കൂട്ടം | രാജൻ.ആർ | SSLC, NTC(MRTV) | Technician Power Electronics System |
| 7 | ഐ.ടി.ഐ മലമ്പുഴ | സുധീഷ്.എം | SSLC, NTC,NAC (in MRTV) | Technician Power Electronics System |
| 8 | ഐ.ടി.ഐ ധനുവച്ചപുരം | Vacant | | Mechanic Consumer Electronics Appliance |
| 9 | ഐ.ടി.ഐ (വ) കൊല്ലം | Vacant | | Mechanic Consumer Electronics Appliance |
| 10 | ഐ.ടി.ഐ മാള | Vacant | | Technician Power Electronics System |

ടി 07 വർക്ക്ഷോപ്പ് അറ്റൻഡർമാരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ എം.ആർ.ടി.വി ട്രേഡിന് പകരം റീവാംബിംഗിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള ട്രേഡുകളിൽ അടിയന്തിരമായി പുനർവിന്യസിക്കേണ്ട സാഹചര്യമാണുള്ളത്. ടി 07 പേരിൽ എൻ.റ്റി.സി യോഗ്യതയുള്ള 06 പേരും ഡിപ്ലോമ യോഗ്യതയുള്ള ഒരാളുമാണുള്ളത്.

നിർത്തലാക്കിയ എം.ആർ.ടി.വി ട്രേഡിന് പകരം റീവാംബാംഗിന്റെ ഭാഗമായി 04 ഇൻസ്റ്റിസ്റ്റ്യുകളിൽ മാത്രമാണ് മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലൈയൻസസ് ട്രേഡ് ആരംഭിച്ചിട്ടുള്ളത് മറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ എം.ആർ.ടി.വി ട്രേഡിന് പകരം ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം ട്രേഡാണ് ആരംഭിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ എൻ.റ്റി.സി യോഗ്യതയുള്ള 06 പേരിൽ മുൻഗണനക്രമം പാലിച്ച് 04 പേരെ മാത്രമേ മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലൈയൻസസ് ട്രേഡിലേയ്ക്ക് പുനർവിന്യസിക്കാൻ സാധിക്കുക യുള്ളൂ. എൻ.റ്റി.സി യോഗ്യതയുള്ള മറ്റ് 02 പേരെ താൽക്കാലികമായി ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം ട്രേഡിലേയ്ക്ക് പുനർ വിന്യസിക്കേണ്ട സാഹചര്യ മാണുള്ളത്.

എൻ.റ്റി.സി യോഗ്യത മാത്രമുള്ള ശ്രീമതി.ലൗഷീന.കെ.കെ യ്ക്ക് വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ മൂന്നാം പരാമർശപ്രകാരം പെർമനന്റ് റിലിംഗ്വിഷ്മെന്റ് നൽകിയിട്ടുണ്ട്. ടിയാളുടെ ആരോഗ്യാവസ്ഥ പരിഗണിച്ചും ബന്ധപ്പെട്ട ട്രേഡിലെ പ്രവർത്തി പരിചയം പരിഗണിച്ചും തുടർന്നുള്ള സ്ഥാനക്കയറ്റത്തിന് ടിയാളെ പരിഗണിക്കുകയില്ല എന്ന നിബന്ധനയിലും ചാലക്കുടി ഐ.ടി.ഐ യിലെ ടെക്നീഷ്യൻ

പവർ ഇലക്ട്രോണിക്സ് സിസ്റ്റം ട്രേഡിലേയ്ക്ക് താൽക്കാലികമായി പുനർവിന്യസിച്ച് ഉത്തരവാകുന്നു.

എൻ.റ്റി.സി യോഗ്യതമാത്രമുള്ള വർക്ക്ഷോപ്പ് അറ്റൻഡർമാരായ ശ്രീ.അജിത് സേവ്യർ വർഗ്ഗീസ്, ഐ.ടി.ഐ ആറ്റിങ്ങൽ, ശ്രീ.മാക്സ് വെൽ.ഡി.കെ, ഐ.ടി.ഐ ചാക്ക, ശ്രീ.ജി.ലാൽകുമാർ, ഐ.ടി.ഐ ഏറ്റുമാനൂർ, ശ്രീ.ആർ.രാജൻ, ഐ.ടി.ഐ (വ) കഴക്കൂട്ടം എന്നിവരെ മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലൈയൻസസ് ട്രേഡിലേയ്ക്കും ഡിപ്ലോമ യോഗ്യതയുള്ള ശ്രീ.ജ്യോതിലാൽ.വി.കെ യെ ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം ട്രേഡിലേയ്ക്കും താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ പുനർവിന്യസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

എം.ആർ.ടി.വി ട്രേഡിന് പകരം റീവാംബിംഗിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലൈയൻസസ് ട്രേഡിലേയ്ക്ക് മുൻഗണനാക്രമം പാലിച്ച് 04 വർക്ക്ഷോപ്പ് അറ്റൻഡർമാരെ പുനർവിന്യസിച്ചിട്ടുള്ള സാഹചര്യത്തിൽ എൻ.റ്റി.സി യോഗ്യതമാത്രമുള്ള മലമ്പുഴ ഐ.ടി.ഐ യിലെ വർക്ക്ഷോപ്പ് അറ്റൻഡറായ ശ്രീ.സുധീഷ്.എം-നെ ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം ട്രേഡിലേയ്ക്ക് താൽക്കാലികമായി പുനർവിന്യസിക്കേണ്ട സാഹചര്യമാണുള്ളത്. ടി സാഹചര്യത്തിൽ ശ്രീ.സുധീഷ്.എം -നെ ഒഴിവ് വരുന്ന മുറയ്ക്ക് മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലൈയൻസസ് ട്രേഡിൽ പുനർവിന്യസിക്കുന്നതാണ് എന്ന നിബന്ധനയോടെ ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം ട്രേഡിൽ താഴെപ്പറയുന്ന സ്ഥാപനത്തിൽ പുനർവിന്യസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും | പുനർവിന്യാസം നൽകി നിയമിക്കുന്ന ട്രേഡിന്റെ പേര് | പുനർവിന്യാസം നൽകി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | അജിത് സേവ്യർ വർഗ്ഗീസ്, ഐ.ടി.ഐ ആറ്റിങ്ങൽ | മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലൈയൻസസ് | ഐ.ടി.ഐ ചാക്ക |
| 2 | മാക്സ് വെൽ.ഡി.കെ, ഐ.ടി.ഐ ചാക്ക | മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലൈയൻസസ് | ഐ.ടി.ഐ ധനുവച്ചപുരം |
| 3 | ലൗഷീന.കെ.കെ, ഐ.ടി.ഐ ചാലക്കുടി | ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം | ഐ.ടി.ഐ ചാലക്കുടി |

| | | | |
|---|---|---|---|
| 4 | ജി.ലാൽകുമാർ,<br>ഐ.ടി.ഐ ഏറ്റുമാനൂർ | മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലൈയൻസസ് | ഐ.ടി.ഐ (വ) കൊല്ലം |
| 5 | ജ്യോതിലാൽ.വി.കെ<br>ഐ.ടി.ഐ കോഴിക്കോട് | ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം | ഐ.ടി.ഐ മാള |
| 6 | രാജൻ.ആർ,<br>ഐ.ടി.ഐ (വ) കഴക്കൂട്ടം | മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലൈയൻസസ് | ഐ.ടി.ഐ കോഴിക്കോട് |
| 7 | സുധീഷ്.എം,<br>ഐ.ടി.ഐ മലമ്പുഴ | ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം | ഐ.ടി.ഐ മലമ്പുഴ |

പുനർവിന്യസിക്കപ്പെട്ടിട്ടുള്ള ടി ജീവനക്കാരെ അതാത് സ്ഥാപനമേധാവികൾ ഉടൻ വിടുതൽ ചെയ്യേണ്ടതും ടി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

To

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

(മേലധികാരി മുഖേന)

പകർപ്പ് :1. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
2. എസ്.എ (എ)/എസ്.എഫ് (എ6)

// ഉത്തരവിൻ പ്രകാരം //
19/8/16
ജോയിന്റ് ഡയറക്ടർ

R/18/8/16